(ഡി) ഫോറസ്റ്റ് ഭൂമിയുടെ ജണ്ട മാറ്റി ഭൂമി പതിച്ചുനൽകാനുള്ള നീക്കം തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ കണ്ണത്ത് മലവാരത്തിലുള്ള നിക്ഷിപ്ത വനഭൂമിയിൽപ്പെട്ട ഏതാനും ഭാഗം 1-1-1977-ന് മുമ്പ് കൈവശം വച്ച് വരുന്നവർക്ക് സംയുക്ത പരിശോധന നടത്തി അർഹരായവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

(ബി) ഉണ്ട്.

(സി) കണ്ണത്ത് മലവാരത്തിൽ റവന്യൂ വകുപ്പിന് ഭൂമിയില്ല. ഫോറസ്റ്റ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണുള്ളത്.

(ഡി) ഫോറസ്റ്റ് ഭൂമിയിലെ ജണ്ട സ്ഥാപിക്കലും സംരക്ഷണവും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണ് ചെയ്തുവരുന്നത്.

84 (2235) തോന്നയ്ക്കൽ ആശാൻ സ്മാരകവികസനത്തിനു വേണ്ടി സമീപത്തുള്ള വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി

ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മംഗലപുരം പഞ്ചായത്തിൽ തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന് അടുത്തുള്ള വസ്തുക്കൾ, ആശാൻ സ്മാരകത്തിന്റെ വികസനത്തിനുവേണ്ടി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വസ്തുക്കളിൽ പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനും വസ്തുക്കൾ വിൽക്കുന്നതിനും വാങ്ങുന്നതിനും കഴിയാത്ത രീതിയിൽ മംഗലപുരം പഞ്ചായത്തിനോ സബ് രജിസ്ട്രാർ ഓഫീസിനോ എന്തെങ്കിലും നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇവിടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിരോധനം ഇവിടെ ഇപ്പോഴും നിലവിലുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ നിരോധനം നീക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് സർക്കാർ യാതൊരുവിധ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല.

(ബി)(സി),(ഡി)&(ഇ) ബാധകമല്ല

LIBRARY ARCHIVES Kerala Legislative Assembly